# പൊതുകുളത്തിൽ മത്സ്യക്കൃഷി

**മത്സ്യം**


**ഡോ. പി.എ. വികാസ്**

സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി. e-mail: kvkernakulam@yahoo.co.in




*? നാട്ടിലെ ഒരു പൊതുകുളം ഒരുപാടുകാലമായി പായൽ നിറഞ്ഞു കിടക്കുകയാണ്. വൃത്തിയാക്കി സംരക്ഷിച്ചാൽ ഇതിൽ മത്സ്യക്കൃഷി ചെയ്യാൻ സാധിക്കുമോ? ചെയ്യാമെങ്കിൽ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം.*

● പൊതുകുളത്തിൽ മത്സ്യക്കൃഷി ചെയ്യാം. കൃഷിയിറക്കും മുൻപു മാലിന്യങ്ങൾ പൂർണമായും നീക്കണം. കുളത്തിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയ ചെളി ഇളക്കി പമ്പ് ഉപയോഗിച്ച് അടിച്ചു പുറത്തു കളയണം. പിന്നീടു കുളത്തിൽ വെള്ളം നിറച്ചശേഷം സെന്റ് ഒന്നിന് 2 കിലോ തോതിൽ കുമ്മായം ഇടണം. തുടർന്നു വെള്ളം നിറച്ചശേഷം കുഞ്ഞുങ്ങളെ ഇടാം. വർഷം മുഴുവൻ വെള്ളം ലഭിക്കുന്ന കുളമാണെങ്കിൽ കട്‌ല, രോഹു, മൃഗാൽ, ഗ്രാസ് കാർപ്, സിൽവർ കാർപ് തുടങ്ങിയവയെ ഇടുന്നതാണു നല്ലത്. ഇനി വേനൽക്കാ ലങ്ങളിൽ വറ്റിപ്പോകുന്നതാണെങ്കിൽ മഴക്കാലത്ത് വെള്ളം ലഭിച്ച ശേഷം തിലാപ്പിയ മത്സ്യങ്ങളെ ഇടുന്നതാണു നല്ലത്. വേനൽക്കാലം ആരംഭിക്കുന്നതിനു തൊട്ടുമുൻപ് വിളവെടുക്കുകയും വേണം. ഇത്തരം കുളങ്ങളിൽ പായൽ അമിതമായി വന്നു നിറയുന്നത് സ്വാഭാവികം. ഇത് തടയാൻ ഗ്രാസ് കാർപ് മത്സ്യങ്ങളെ നിർബന്ധമായും ഇടണം. കുളത്തിനു മീതെ വല ഇടുന്നതു കൊള്ളാം. കിളികളും മറ്റും മീൻകുഞ്ഞുങ്ങളെ പിടിക്കാതിരിക്കുന്നതിനും ആളുകൾ വലിച്ചെറിയുന്ന മാലിന്യം വെള്ളത്തിൽ കലരാതിരിക്കുന്നതിനും ഇത് ഉപകരിക്കും. വിരൽവലുപ്പമുള്ള കുഞ്ഞുങ്ങളെ വേണം ഇടാൻ. ഒരു സെന്റിനു പരമാവധി 100 മീനുകളേ ആകാവൂ. വേണ്ടത്ര തീറ്റ നൽകുകയും വേണം. ഒന്നിച്ചു വിളവെടുക്കാൻ നോക്കാതെ മീനുകൾ വലുപ്പം വയ്ക്കുന്നതിനനുസരിച്ചു പിടിച്ചു വിൽക്കുന്നതാണുചിതം.